ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ നാല് ആർട്സ് & സയൻസ് കോളേജുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

1. മലപ്പുറം ജില്ല

- മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, വേങ്ങര
- അംബേദ്ക്കർ മെമ്മോറിയൽ എയ്ഡഡ് കോളേജ്, വണ്ടൂർ

2. കൊല്ലം ജില്ല

- കെ.പി.എം.എസ്., കുര്യോട്ട് മല എയ്ഡഡ് കോളേജ്

3. കോട്ടയം ജില്ല

- പി.ആർ.ഡി.എസ്. അമര എയ്ഡഡ് കോളേജ്, ചങ്ങനാശ്ശേരി

(ബി) സർക്കാർ/എയ്ഡഡ് മേഖലയിൽ കോളേജുകളില്ലാത്ത നിയമസഭ നിയോജക മണ്ഡലങ്ങളിൽ പുതിയ കോളേജ് അനുവദിക്കുമെന്ന സർക്കാർ നയത്തിന്റെ ഭാഗമായിട്ടാണ് മലപ്പുറം ജില്ലയിലെ വേങ്ങര നിയോജക മണ്ഡലത്തിൽ എയ്ഡഡ് കോളേജ് ആരംഭിച്ചത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഗണിച്ചും ഈ സമുദായങ്ങൾക്ക് ഇതുവരെ കോളേജുകളൊന്നും അനുവദിച്ചിട്ടില്ല എന്നതും കണക്കിലെടുത്താണ് മറ്റ് മൂന്ന് എയ്ഡഡ് കോളേജുകൾ അനുവദിച്ചത്.

മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, വേങ്ങര, അംബേദ്ക്കർ മെമ്മോറിയൽ എയ്ഡഡ് കോളേജ്, വണ്ടൂർ എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

എയ്ഡഡ് കോളേജുകളിലെ പട്ടികജാതി - പട്ടികവർഗ്ഗ അദ്ധ്യാപകർ

8 (1024) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് കോളേജുകളിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എയ്ഡഡ് കോളേജുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംവരണം നടപ്പിലാക്കണമെന്ന് ഹൈക്കോടതി വിധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ വിഭാഗക്കാർക്ക് സംവരണം നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത കോടതി വിധി പരിഗണിച്ച് പ്രസ്തുത വിഭാഗക്കാർക്ക് സംവരണം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി - 49

പട്ടികവർഗ്ഗം - 5

ആകെ 54

(ബി-ഡി) ഉണ്ട്. എയ്ഡഡ് കോളേജുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം നൽകുന്നതുമായി ബന്ധപ്പെട്ട ഫയൽ (26823/ഡി1/10/ഉ.വി.വ) സർക്കാർ പരിശോധിച്ചു വരുന്നു.

എയ്ഡഡ് കോളേജുകളിലെ പട്ടികവിഭാഗ സംവരണം

9 (1025) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് കോളേജുകളിൽ പട്ടികവിഭാഗങ്ങൾക്ക് സംവരണം നടപ്പാക്കണമെന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഹൈക്കോടതി വിധി അംഗീകരിച്ച് മേൽ കോടതിയിൽ അപ്പീലിന് പോകാതെ ഉടനെ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത കോടതി വിധിയുടെ അടിസ്ഥാനത്തിൽ എല്ലാ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പട്ടിക വിഭാഗക്കാർക്ക് സംവരണം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) എയ്ഡഡ് കോളേജുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം നൽകുന്നതുമായി ബന്ധപ്പെട്ട ഫയൽ (26823/ഡി1/10/ഉ.വി.വ) സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly